# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2306
## 12.02.2020 - ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള ആംബുലൻസ് അനുവദിക്കൽ**

| ചോദ്യം<br>**ശ്രീ.മുഹമ്മദ് മുഹസിൻ.പി** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പട്ടാമ്പി താലൂക്ക് ആശുപത്രിയ്ക്കും, കൊപ്പം പി.എച്ച്.സിയ്ക്കും ആംബുലൻസ് അനുവദിക്കുന്നതിന് നൽകിയ ശിപാർശയിൻമേൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ; | 08.02.2019 തീയതിയിലെ സ.ഉ (സാധാ) നം. 939/2019/ധന പ്രകാരം പട്ടാമ്പി നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളായ താലൂക്ക് ആശുപത്രി, കൊപ്പം പി.എച്ച്.സി എന്നീ സ്ഥാപനങ്ങളിൽ ആംബുലൻസ് വാങ്ങുന്നതിന് ബഹു. എം.എൽ.എയുടെ 2017-18 ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതിയും പാലക്കാട് ജില്ലാ കലക്ടറുടെ 07/03/2019 തീയതിയിലെ ഉത്തരവ് നം. ആർ.ഡി 1-310 (1)/2018, 03/09/2019 തീയതിയിലെ ഉത്തരവ് നം. ആർ.ഡി1-310/18 എന്നീ നടപടിക്രമങ്ങൾ പ്രകാരം ഭരണാനുമതിയും നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി താലൂക്ക് ആശുപത്രി, കൊപ്പം പി.എച്ച്.സി എന്നീ സ്ഥാപനങ്ങളിലേക്ക് അനുവദിച്ച വാഹനങ്ങൾ ഷോറൂമിൽ നിന്നും എടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി 35,14,000/- രൂപ അനുവദിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നല്കേണ്ടുന്ന തുക നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിക്കുന്ന പ്രകാരം താമസംവിനാ അനുവദിച്ചുനല്കിവരുന്നു. |
| ബി) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് വളരെയധികം കാലതാമസം എടുക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | |
| സി) ടെണ്ടർ നടപടികളിൽ പ്രതിപാദിച്ചിട്ടുള്ള സമയത്തിനുള്ളിൽ മറ്റു നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| ഡി) ഈ കാലയളവിൽ വാഹന വിലയിൽ വർദ്ധനവ് വരുന്നത് കാരണം നടപടിക്രമങ്ങൾ വീണ്ടും ആവർത്തിക്കേണ്ടി വരുന്നത് പിന്നെയും കാലതാമസം സൃഷ്ടിക്കുന്നതിനാൽ ഇത്തരം കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ